**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5977** 04/07/2019 ലെ മറുപടി

**പരീക്ഷാ പേടി അകറ്റുന്നതിന് പ്രത്യേക സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കുട്ടികൾക്ക് പരീക്ഷ അടുക്കുമ്പോഴും എൻട്രൻസ് പരീക്ഷയെ അഭിമുഖീകരിക്കുമ്പോഴും ഉണ്ടാകുന്ന പരീക്ഷാപ്പേടി അകറ്റുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പ്രത്യേക പരിശീലനം ആലോചിക്കുന്നുണ്ടോ; | (എ) 10-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ പരീക്ഷാപ്പേടി അകറ്റുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും, സാമൂഹ്യനീതി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തെര ഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കൗൺസിലർ മാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.<br>ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് വിഭാഗത്തിന്റെ നേതൃത്വ ത്തിൽ ഒരു ടോൾഫ്രീ ടെലികൗൺ സിലിംഗ് സംവിധാനം, "വീ ഹെൽപ്പ്" എന്ന പേരിൽ പരീക്ഷയോടനുബന്ധിച്ച് ഒരു മാസക്കാലം നടപ്പിലാക്കി വരുന്നുണ്ട്. കൗമാരക്കാരുടെ ശാക്തീകരണത്തി നായി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ക്ലബ്ബുകളുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതി നായി ഹയർ സെക്കണ്ടറി അദ്ധ്യാപി കയെ/അദ്ധ്യാപകനെ സൗഹൃദ കോ-ഓർഡിനേറ്ററായി നിയമിച്ചിട്ടുണ്ട്. വിദ്യാർ ത്ഥികളുടെ മാനസിക സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള ശാക്തീകരണം നൽകു ന്നതിനും ടി അദ്ധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്. അതിനു പുറമേ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പറുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും കുട്ടികളുടെ മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനായി കൗൺസിലിംഗ് ഉൾപ്പെടെ യുള്ള കാര്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി പ്രസ്തുത നമ്പറുകൾ ഉപയോഗപ്പെടുത്താനും പ്രിൻസിപ്പൽ മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | പഠനത്തോടുള്ള വിമുഖതയും പരീക്ഷയെ അഭിമുഖീകരിക്കുവാനുമുള്ള പേടിയും അകറ്റുന്നതിനായി കൗൺസി ലിംഗ് രംഗത്തെ പ്രഗത്ഭരുമായി വിദ്യാർത്ഥികൾക്ക് നേരിട്ട് സംസാരിക്കു ന്നതിനായി വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ് നടപ്പിലാക്കി വരുന്നതാണ് ഹാപ്പി ലേണിംഗ്. |
| (ബി) | എൻട്രൻസ് പരീക്ഷയിലെ പരാജയം മൂലം ആത്മഹത്യ പോലും ഉണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) 10-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ കൗൺസിലിംഗ് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കു ന്നുണ്ട്.<br>ഹയർ സെക്കണ്ടറിയിലെ സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ സേവനം എൻട്രൻസ് പരീക്ഷാ സമയത്തും ഉപയോഗപ്പെടുത്താവുന്നതാണ്. പ്രത്യേക പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ഇത്തര ത്തിലുള്ള കൗൺസിലിംഗും, മറ്റു മാർഗ്ഗനിർ ദ്ദേശങ്ങളും നൽകുന്നതിന് സദാസമയവും സന്നദ്ധരാണ്. ഈ സംവിധാനം തുടർന്നും എൻട്രൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്താ വുന്നതാണ്.<br>ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടും കൂടി കഴിവുകൾ പ്രകടമാകാൻ കുട്ടികളെ പ്രാപ്തമാക്കു ന്നതാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ് നടപ്പിലാക്കി വരുന്ന ഇൻസൈറ്റ്. |

സെക്ഷൻ ഓഫീസർ